

14-01-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 14/01/2022

1. നാളികേര കൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷിവകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (ജനുവരി 14) വൈകുന്നേരം 3 മണിക്ക് കായംകുളം കാദിശ ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ചടങ്ങിൽ കായംകുളം എം.എൽ എ യു. പ്രതിഭ അദ്ധ്യക്ഷത വഹിക്കും. ഇതിന്റെ ഭാഗമായി രാവിലെ 10.30 മുതൽ **തെങ്ങിന്റെ ശാസ്ത്രീയ പരിപാലന മുറകൾ, തെങ്ങിന്റെ രോഗകീട നിയന്ത്രണം, എളള് കൃഷി ശാസ്ത്രീയ രീതിയിൽ** എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു.

2. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേര്യമംഗലം ഡി.എസ്.പി ഫാമിൽ വിവിധ ഇനം തെങ്ങിൻതൈകൾ വിൽപ്പനയ്ക്കു ലഭ്യമാണ്. തെങ്ങിൻതൈകൾ ആവശ്യമുളള കർഷകർ **0485-2554240** എന്ന ഫാം ഓഫീസ് നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയ്ക്കടുത്ത് നെടുങ്കാട് പ്രവർത്തിക്കുന്ന സംയോജിതകൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ **സസ്യ ആരോഗ്യ ക്ലിനിക്ക്** പ്രവർത്തനം ആരംഭിച്ചു. **വിളകളിലെ കീടരോഗ ബാധകൾ, സസ്യമൂലകക്കുറവ്, മറ്റു പ്രശ്നങ്ങൾ എന്നിവ കൃത്യതയോടെ നിർണ്ണയിക്കുക, ആവശ്യമായ ശാസ്ത്രീയ പരിഹാരമുറകൾ ലഭ്യമാക്കുക എന്നതാണ് ക്ലിനിക്കിന്റെ ഉദ്ദേശലക്ഷ്യം.** ഇതിനുളള മണ്ണ് -സസ്യ പരിശോധനകൾക്കു പുറമേ ജലത്തിന്റെ ഗുണനിലവാരപരിശോധനകൾ കൂടി ക്ലിനിക് മുഖാന്തിരം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ ക്ലിനിക്കിൽ കാർഷിക മേഖലയിലെ വിവിധ വിഷയങ്ങളിലെ വിദഗദ്ധരുടെ സേവനം ലഭ്യമാക്കും. കൃഷി സ്നേഹികൾക്ക് കാർഷിക സംബന്ധമായ സംശയ നിവാരണത്തിനും കാർഷികോപാധികൾ വാങ്ങുന്നതിനും പുത്തനറിവുകൾ നേടിയെടുക്കുന്നതിനുമെല്ലാമുളള ഒരു ഏകജാലക സംവിധാനമാണ് ഈ സസ്യ ആരോഗ്യ ക്ലിനിക്ക്. കൂടുതൽ വിവരങ്ങൾക്ക് **9847022929, 9846024539** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2021-22 സാമ്പത്തിക വർഷത്തിൽ **340 അർക്ക വെർട്ടിക്കൽ ഗാർഡൻ യൂണിറ്റുകൾ** സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും മുൻതുക്കം നൽകിക്കൊണ്ട് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ നഗരപരിധിയിലുള്ള പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സൂര്യപ്രകാശം യഥേഷ്ടം ലഭിക്കുന്ന സ്ഥലത്ത് അർക്കവെർട്ടിക്കൽ ഗാർഡൻ സ്ട്രക്ചർ സ്ഥാപിക്കാം. ഇതിൽ 16 ചെടിച്ചട്ടികളും 80 കിലോ ഭാരമുള്ള പരിപോഷിപ്പിച്ച നടീൽ മാധ്യമവും(ചകിരിച്ചോർ), 25 ലിറ്റർ സംഭരണ ശേഷിയുള്ള തുള്ളിനന സൗകര്യവും, അർക്ക പോഷക രസ് ലായനിയും ഉൾപ്പെടുത്തിയിട്ടുണ്ട്. അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചർ ഒരു യൂണിറ്റിന് 75 ശതമാനം ധനസഹായവും 25 ശതമാനം ഗുണഭോക്തൃവിഹിതവുമായിരിക്കും. മുളക്, കത്തിരിക്ക, തക്കാളി, ബീൻസ്, ഫ്രഞ്ച് ബീൻസ്, ചീര, പാലക്, മല്ലി, റാഡിഷ് എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ആറളം ഫാമിലെ 6, 8 ബ്ലോക്കുകളിൽ കൃഷി ചെയ്തിട്ടുള്ള മഞ്ഞളിൽ ഒരു ഭാഗം കുർക്കുമിൻ അളവിന്റെ അടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. സാമ്പിൾ പരിശോധിച്ച് ഉയർന്ന വില വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ എന്നിവർക്ക് മഞ്ഞൾ സംസ്കരിച്ച് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496045386, 9496045384** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ കൃഷിഭവനിൽ ഡബ്ല്യൂ.സി.റ്റി തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങാവുന്നതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

7. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18-ന് (ജനുവരി 18) രാവിലെ 10.00 മണി മുതൽ **വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവ കൊണ്ടുവരേണ്ടതാണ്. 30 പേർക്കാണ് പരിശീലനം നൽകുന്നത്. താൽപര്യമുള്ളവർ **0491 2815454** എന്ന നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 17,18 തീയതികളിൽ **ആട് വളർത്തൽ**, 24-ന് **കാടവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0479–2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **17, 18 തീയതികളിൽ ആട് വളർത്തൽ, 24,25 തീയതികളിൽ പശുവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471–2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 17-ന് (ജനുവരി 17) **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0484–2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ പേരും പരിശീലന വിഷയവും വാട്ട്സാപ്പ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

11. പയറിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ ഉപദ്രവമേറ്റ ഭാഗങ്ങൾമുറിച്ചു നീക്കം ചെയ്യുക. കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5 ശതമാനം വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ രണ്ട് മി.ലി ഫ്ളൂബെൻ്റാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ3 മി.ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്.

12. നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ പ്രതിരോധിക്കാനായി ഒരു ഏക്കർ പാടശേഖരത്തിന് രണ്ട് സിസി ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡ് വീതം ചെറുകഷ്ണങ്ങളായി മുറിച്ച് വയലിന്റെ പല ഭാഗത്ത് പ്ലാസ്റ്റിക് കപ്പുകളിൽ കുത്തി വെക്കുക.